## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 3895

19.03.2018 ൽ
മറുപടിക്ക്

### തസ്തിക അനുവദിക്കുന്നതിന് കോളേജിയേറ്റ് ഡയറക്ടർ അദ്ധ്യക്ഷയായ കമ്മിറ്റി

**ചോദ്യം**
**പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ**

**മറുപടി**
**പ്രൊഫ. സി. രവീന്ദ്രനാഥ്**
**(ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | വിദ്യാഭ്യാസ വകുപ്പിൽ 60/2016/ഹയർ എഡ്യൂക്കേഷൻ തീയതി 29.02.2016 എന്ന ഉത്തരവ് അനുസരിച്ച് തസ്തിക അനുവദിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; | (എ) | 29/02/2016 ലെ സ.ഉ.(കൈ) 60/16/ഉ.വി.വ. ഉത്തരവിനെ ആധാരമാക്കിയാണ് എയ്ഡഡ് കോളേജുകളുടെ അനദ്ധ്യാപക സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കുന്നത്. ഈ ഉത്തരവു പ്രകാരം കോളേജുകളിൽ നിലനിൽക്കുന്ന എയ്ഡഡ് കോഴ്സുകളുടെയും വിദ്യാർത്ഥികളുടെ എണ്ണത്തിന്റെയും, ലാബുകളുടെ എണ്ണത്തിന്റെയും അടിസ്ഥാനത്തിൽ അനദ്ധ്യാപക സ്റ്റാഫ് പാറ്റേൺ കോളേജ് വിദ്യാഭ്യാസ ഡയറക്ടർ പരിഷ്കരിച്ചു വരുന്നു. |
| (ബി) | കോളേജിയേറ്റ് ഡയറക്ടർ അദ്ധ്യക്ഷയായ എന്തെങ്കിലും കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ; ഇത് സംബന്ധിച്ച് എടുത്ത നടപടികളുടെ വിശദമായ വിവരം ലഭ്യമാക്കാമോ; | (ബി) | 29/02/2016-ലെ സ.ഉ.60/16/ഉ.വി.വ. എന്ന സർക്കാർ ഉത്തരവിലെ അനോമലികളിൻമേൽ പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിലേക്കായി 21/12/2017 -ലെ സ.ഉ (ആർ.ടി) നമ്പർ2311/2017/ഉ.വി.വ. പ്രകാരം ഉന്നത വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അദ്ധ്യക്ഷയായും കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, സംഘടനാ പ്രതിനിധിയായ ശ്രീ. സത്യാനന്ദൻ എന്നിവർ അംഗങ്ങളായും ഒരു കമ്മറ്റി രൂപീകരിച്ചിട്ടുണ്ട്. |
| (സി) | മേൽസൂചന പ്രകാരമുള്ള ഉത്തരവ് അനുസരിച്ച് പുതിയ തസ്തികകൾ അനുവദിക്കുന്ന നടപടികൾ വിശദമാക്കാമോ; | (സി) | കോളേജ് അധികാരികൾ സമർപ്പിക്കുന്ന പ്രൊപ്പോസൽ പരിശോധിച്ച് കോളേജുകളിലെ എയ്ഡഡ് കോഴ്സുകളുടെ എണ്ണം വിദ്യാർത്ഥികളുടെ എണ്ണം പ്രാക്ടിക്കൽ ലാബുകളുടെ എണ്ണം |

| | | | |
|---|---|---|---|
| | | | എന്നിവയുടെ അടിസ്ഥാനത്തിൽ അനദ്ധ്യാപക സ്റ്റാഫ് പാറ്റേൺ പരിഷ്കരിച്ച് വരുന്നു. ഇത്തരത്തിൽ Staff Pattern പരിഷ്കരിക്കുമ്പോൾ അധിക തസ്തികകൾ ആവശ്യമാണെന്ന് കാണുന്ന പക്ഷം ആയത് കോളേജ് വിദ്യാഭ്യാസ ഡയറക്ടർ തന്നെ അനുവദിച്ചുവരുന്നു. |
| (ഡി) | പ്രസ്തുത ഉത്തരവ് അനുസരിച്ച് ഏതെങ്കിലും റിപ്പോർട്ട് സർക്കാരിന്റെയോ ഡയറക്ടർ ഓഫ് കോളേജിയേറ്റ് വകുപ്പിന്റെയോ കൈവശം ഉണ്ടോയെന്നറിയിക്കാമോ? | (ഡി) | 21/12/2017 - ലെ സ.ഉ.(ആർ.ടി) നമ്പർ2311/2017/ഉ.വി.വ. പ്രകാരം രൂപീകരിച്ച അനോമിലി കമ്മറ്റി അനോമലിക്കാധാരമായ വിഷയങ്ങളിൽ പരിശോധന നടത്തിവരികയാണ്. പ്രസ്തുത കമ്മറ്റി റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ